പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമങ്ങൾ.
(ഹാജർ: ഡോ: പി.കെ.ജയശ്രീ.( ഐ.എ.എസ്)

വിഷയം: - പഞ്ചായത്ത് വകുപ്പ്: കവളങ്ങാട് ഗ്രാമപഞ്ചായത്ത് - സിവിൽ രജിസ്ട്രേഷനുകളിലെ അപാകത - എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം പരിശോധന നടത്തി പരിശോധന ടീം റിപ്പോർട്ട് സമർപ്പിച്ചതിൻ പ്രകാരം അപാകത കണ്ടെത്തിയതിനാൽ കണ്ടെത്തിയ അപാകത പരിഹരിക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

പരാമർശം: -
1. എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 19.10.2019 തീയതിയിലെ എം/52417/2018 നമ്പർ കത്ത്.
2 കവളങ്ങാട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 25.10.2018 തീയതിയിലെ കത്ത്.
3 എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 23.12.2019 തീയതിയിലെ എം/52417/2018 നമ്പർ കത്ത്.
4 പഞ്ചായത്ത് ഡയറക്ടറുടെ 30.01.2020 തീയതിയിലെ PAN/13926/2019-B1(DP) നമ്പർ ഉത്തരവ്.

<u>ഉത്തരവ് നമ്പർ: PAN/13926/2019-B1(DP)തീയതി :19/10/2020</u>

എറണാകുളം ജില്ലയിലെ കവളങ്ങാട് ഗ്രാമ പഞ്ചായത്തിൽ 2008 മുതൽ 2012 വരെയുള്ള വിവാഹങ്ങൾ പാസ്റ്റ് ഡാറ്റാ എൻട്രി ചെയ്തപ്പോൾ വിവരങ്ങൾ തെറ്റായി രേഖപ്പെടുത്തിയതായും ആയത് കറക്ട് ചെയ്യണമെന്നും ആവശ്യപ്പെട്ട് പരാമർശം (1) പ്രകാരം എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് നൽകിയിരുന്നു. ആയത് കണക്കിലെടുത്ത് പരാമർശം 4 ലെ പഞ്ചായത്ത് ഡയറക്ടറുടെ ഉത്തരവിൻെറ അടിസ്ഥാനത്തിൽ 31.01.2020 തീയതിയിൽ പഞ്ചായത്ത് ഡയറക്ടർ ആഫീസിൽ നിന്നും ഡിബിറ്റി സെക്ഷൻ സീനിയർ സൂപ്രണ്ട് ശ്രീ.സതീഷ് കുമാർ.ജി.കെയുടെ നേതൃത്വത്തിൽ ചുമതലപ്പെടുത്തിയ ടീം കവളങ്ങാട് ഗ്രാമ പഞ്ചായത്തിൽ പരിശോധന നടത്തുകയുണ്ടായി. ടി പരിശോധനയിൽ വിവാഹ രജിസ്ട്രേഷനുകളിൽ നിരവധി ക്രമക്കേടുകൾ കണ്ടെത്തിയതായി റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ആയത് പരിശോധിച്ചു.( വിശദമായ അപാകത റിപ്പോർട്ട് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു).

കവളങ്ങാട് ഗ്രാമ പഞ്ചായത്തിൽ നിന്നും സേവനാവകാശ നിയമ പ്രകാരം നൽകേണ്ടതായ വിവാഹ രജിസ്ട്രേഷനുകൾ കൃത്യതയില്ലാതെ കൈകാര്യം ചെയ്യുകയും ആയത് പൊതു ജനങ്ങൾക്ക് വളരെയേറെ ബുദ്ധിമുട്ട് ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട് എന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

ആയതിനാൽ മേൽ അപാകതകൾ നിലനിൽക്കെതന്നെ നിലവിൽ സാധ്യമാകുന്ന രജിസ്ട്രേഷനുകളിൽ ഇൻഫർമേഷൻ കേരള മിഷൻെറ സാങ്കേതിക

സഹായത്തോടെ പാസ്റ്റ് ഡാറ്റാ എൻട്രി നടത്തി അപാകത പരിഹരിയ്ക്കുന്നതിന് കവളങ്ങാട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെത്തിയും സാങ്കേതിക സഹായം നൽകുന്നതിന് ഐകെഎം-നെ ചുമതലപ്പെത്തിയും ടി വിഷയത്തിന്റെ ഗൗരവം പരിഗണിച്ച് കൃത്യതയും പുരോഗതിയും ഉറപ്പുവരുത്തുന്നതിന് ജില്ലാ രജിസ്ട്രാർ, എറണാകുളം എന്നവരെ ചുമതലപ്പെടുത്തിയും ഇതിനാൽ ഉത്തരവാകുന്നു.

DR.P.K.JAYASREE IAS
പഞ്ചായത്ത് ഡയറക്ടർ

പകർപ്പ്-
1.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം..
2.എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ തിരുവനന്തപുരം(ടി വിഷയത്തിൽ അടിയന്തിര നടപടി സ്വീകരിയ്ക്കേണ്ടതാണ്.)
3.സെക്രട്ടറി, കവളങ്ങാട് ഗ്രാമ പഞ്ചായത്ത്.എന്നിവർക്ക് അറിവിനും,അനന്തരനടപടികൾക്കുമായി അയയ്ക്കുന്നു.
4.കരുതൽ / അധികം

Signature Not Verified

Digitally signed by P K
Jayasree
Date: 2020.10.19 17:51:37 IST
Reason: Approved